# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*284** **07.10.2016 ൽ മറുപടിയ്ക്ക്**

## ജൈവകാർഷിക കേരളം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.എം.ആരിഫ്**<br>**ശ്രീ.എം.സ്വരാജ്**<br>**ശ്രീ.ഡി.കെ.മുരളി**<br>**ശ്രീ.പി.ഉണ്ണി** | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് 'ജൈവ കാർഷിക കേരളം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ) ജൈവ കാർഷിക കേരളം എന്ന പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കിയിട്ടില്ല. കഴിഞ്ഞ ഇടതുപക്ഷ മുന്നണി സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ജൈവകൃഷി നയം പ്രഖ്യാപിക്കുകയും ആയതിന്റെ ഭാഗമായി ഘട്ടംഘട്ടമായി ജൈവകൃഷി വ്യാപനം നടത്തി വരുന്നു. നല്ല കൃഷിമുറകൾ പാലിച്ചു കൊണ്ട് സുരക്ഷിതമായ ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിനായി 277 ക്ലസ്റ്ററുകൾ രൂപീകരിച്ചിട്ടുണ്ട്.എല്ലാ ജില്ലകളിലും ജൈവകൃഷി വ്യാപനത്തിനായി ജൈവസന്ദേശ കൃഷിയാത്ര നടത്തിയിട്ടുണ്ട്. ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തിയ നിയോജക മണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമ പഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡ് നൽകി വരുന്നു. 2016-17 സാമ്പത്തിക വർഷം ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ബഡ്ജറ്റിൽ 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. നല്ല കൃഷി മുറകൾ (ജി.എ.പി) പാലിച്ച് ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ജി.എ.പി സർട്ടിഫിക്കേഷൻ സഹിതം പ്രത്യേക പായ്ക്കിംഗ് ലേബലിംഗോട്ടു കൂടി റസിഡന്റ്സ് അസോസിയേഷനുകളിൽ വില്പന നടത്തുന്നതിന് ഒരു ക്ലസ്റ്ററിന് 3 ലക്ഷം രൂപ വീതം ആകെ 18 ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകി വരുന്നു. |

| | | | |
|---|---|---|---|
| ബി) | എങ്കിൽ ജൈവകൃഷിയുടെ പ്രോത്സാഹനത്തിനായി പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) & സി) | ബാധകമല്ല. |
| സി) | ജൈവവളം, ജൈവ കീടനാശിനി, രോഗപ്രതിരോധ ശേഷിയുള്ള വിത്തിനങ്ങൾ എന്നിവയുടെ ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | | |
| ഡി) | ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വീടുകളിൽ ഗ്രോബാഗുകൾ സജ്ജീകരിയ്ക്കുന്നതിന് സഹായം നൽകുന്നതിനുള്ള പദ്ധതി ഉണ്ടോ എന്ന് വ്യക്തമാക്കാമോ? | ഡി) | ഉണ്ട് സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം മട്ടുപ്പാവിലെ കൃഷിയിലൂടെ വിഷരഹിത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധയിനം പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 25 ഗ്രോബാഗുകൾ വീതമുള്ള യൂണിറ്റുകൾ 75% സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകിവരുന്നു. 2000 രൂപ വിലവരുന്ന ഗ്രോബാഗ് യൂണിറ്റിന് 500 രൂപ കർഷകർ ഗുണഭോക്തൃ വിഹിതമായി നൽകണം. ഈ വർഷം (2016-17-ൽ) 40000 ഗ്രോബാഗ് യൂണിറ്റുകൾക്കായി 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുവരെ 9038 ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്തു കഴിഞ്ഞു. കൂടാതെ മുൻ വർഷങ്ങളിൽ കൃഷിയ്ക്കായി നൽകിയ ഗ്രോബാഗുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് വിത്ത്, വളം, തൈകൾ എന്നിവയും കർഷകർക്ക് നൽകി വരുന്നു. ഇതിനായി 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

S. K.

**സെക്ഷൻ ഓഫീസർ**